GVHSS Kalpakanchery

# ചിറക്

## DIGITAL MAGAZINE

# ഉള്ളടക്കം


| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1 | എഡിറ്റോറിയൽ ബോർഡ് | 3 |
| 2 | എഡിറ്റർക്ക് പറയാനുള്ളത് | 4 |
| 3 | ഭാവുകങ്ങൾ നേരുന്നു | 5 |
| 4 | ആശംസകൾ...പ്രാർത്ഥനകൾ | 6 |
| 5 | അകമഴിഞ്ഞ ആശംസകൾ | 7 |
| 6 | ജീവച്ഛവമായി (കഥ) | 8 |
| 7 | What's AI ? (Essay) | 10 |
| 8 | Cross Word Puzzle (Question) | 11 |
| 9 | സ്നേഹം (കവിത) | 12 |
| 10 | Cross Word Puzzle (Answer) | 13 |
| 11 | വളർത്തുദോഷം | 14 |
| 12 | അഗ്നി (പുസ്തകാസ്വാദനം) | 16 |
| 13 | ഫലസ്തീനിലെ പ്രാവുകൾ (കഥ) | 17 |
| 14 | ചിത്ര കഥ | 18 |
| 15 | ഓർമയിലെ ഓണം | 19 |
| 16 | ചിത്രങ്ങൾ | 20 |
| 17 | ലഹരി വേണ്ട | 22 |
| 18 | ഇവനെന്റെ പ്രിയ സി.ജെ | 23 |

# എഡിറ്റോറിയൽ ബോർഡ്

സ്റ്റാഫ് എഡിറ്റർ : അബ്ദുസ്സലാം പി



(കൈറ്റ് മാസ്റ്റർ)

സബ് എഡിറ്റർ : ദിവ്യ എബി



*(കൈറ്റ് മിസ്ട്രസ്)*

*<u>സ്റ്റുഡന്റ്സ് ടീം</u>*



*മോസ മറിയം 9D*



*മുഹമ്മദ് ഷബീൽ.M 8D*

*മുഹമ്മദ് ഷസിൻ. K 8C*



*ദീപക് ദിനേഷ്.ടി.പി 8D*



*അജ്നാസ് മുഹമ്മദ് 8C*



*ഹാഷിം മുഹമ്മദ് 8D*

*\അശീം നവാസ് 8H*



*ശഹബാൻ അയ്യൂബി 8A*



*മുഹമ്മദ് ഫർഹാൻ 8*

അനിസ് കള്ളിയത്ത് 8D



*അഫ്സർ അലി.N 8*



*മുഹമ്മദ് അജ്സൽ ടി.പി 9G*

*ലിയാൻ. A.P 9G*



# <u>എഡിറ്റർക്ക് പറയാനുള്ളത്</u>



*കുട്ടികളുടെയും അധ്യാപകന്മാരുടെയും സൃഷ്ടികളുമായി ആദ്യമായിട്ടാണ് ഡിജിറ്റൽ മാഗസിനുമായി ഞങ്ങൾ രംഗത്ത് വരുന്നത്. സലാം സാറിന്റെയും ദിവ്യ ടീച്ചറുടെയും അകമഴിഞ്ഞ പ്രോത്സാഹനവും പിന്തുണയുമാണ് '**ചിറക്**" ഉയർത്തിപ്പറക്കാൻ ഞങ്ങൾക്ക് ധൈര്യം നൽകിയത്.*

എഡിറ്റോറിയൽ ബോർഡിലെ ഓരോ കൂട്ടുകാരും ഇടപെട്ടു. ഒത്തൊരുമയുടെ ഫലം എന്നു തന്നെ പറയാം.

അഭിപ്രായം പറയേണ്ടത് നിങ്ങൾ വായനക്കാരാണ്

എഡിറ്റർ

# ഭാവുകങ്ങൾ നേരുന്നു



എല്ലാ സർക്കാർ, സർക്കാർ ഇതര സേവനങ്ങളും ഓഫ് ലൈനിൽ നിന്നും ഓൺലൈനിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയും കൂടുതലും ഓൺലൈൻ രീതിയിലാണല്ലോ. കുട്ടികൾക്ക് വളരെ ഉപകാരപ്രദമായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് ഈ ഡിജിറ്റത്തിൽ യുഗത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

എ പി മുസ്തഫ

പിടിഎ പ്രസിഡണ്ട്

# ആശംസകൾ..പ്രാർത്ഥനകൾ



വിവര സാങ്കേതിക വിദ്യയിൽ ഇന്ന് ഏറെ ഗുണകരമായി നമ്മുടെ വിദ്യാർത്ഥികൾക്ക് ഊർജ്ജം പകർന്നു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സിലൂടെ ഒട്ടനവധി പുതിയഅറിവുകൾ നേടിയെടുത്ത് ഭാവിയിൽ നല്ലൊരു മുതൽക്കൂട്ടാകാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന പ്രാർത്ഥനയോടെ...

കൽപകഞ്ചേരി GVHSS ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനു എല്ലാവിധ ആശംസകളും നേരുന്നു

നാസർ മണ്ണിൽ

SMC Chairman

## അകമഴിഞ്ഞ ആശംസകൾ



ജി വി എച്ച് എസ് എസ് കൽപകഞ്ചേരിയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ  തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ അറിവിന്റെ, പുതുമയുടെ ലോകം കുട്ടികൾക്ക് മുന്നിൽ തുറക്കുകയാണ്. ഈ ഉദ്യമത്തിന് എല്ലാ പിന്തുണയും നൽകി കുട്ടികളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിച്ച കൈറ്റ് മാസ്റ്റർ സലാം സാറിനും ദിവ്യ ടീച്ചറിനും അഭിനന്ദനങ്ങൾ.

അതോടൊപ്പം കണ്ടതിന്റെയും കേട്ടതിന്റെയും അറിഞ്ഞതിന്റെയും പൊരുളറിയാനും അറിവിന്റെ ആനന്ദം നുകരാനും സഹായകമാകുന്ന ഈ മാഗസിന്റെ മുന്നിലും പിന്നിലും പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ, അഭിനന്ദനങ്ങൾ.

**സിനി ടീച്ചർ**


**HM**

# ജീവച്ഛവമായി..

* ...

## കഥ

ഫാത്തിമ സഫ 9C



ആകാശത്ത് കുറേ നക്ഷത്രങ്ങളുണ്ടായിരുന്നു. ഒത്ത നടുക്ക് ചന്ദ്രനും. എന്നാലും എന്തുകൊണ്ടോ ചന്ദ്രനെ കാണുമ്പോൾ ഒറ്റപ്പെട്ടിരിക്കുന്നതു പോലൊരു തോന്നൽ. ചുറ്റും ഒരുപാട് നക്ഷത്രങ്ങൾ ഉണ്ടായിട്ടും പ്രിയപ്പെട്ട എന്തോ ഒന്ന് നഷ്ടപ്പെട്ടവനെ പോലെ...

അതേ അവസ്ഥ തന്നെ അല്ലെ തനിക്കും. പക്ഷേ ചന്ദ്രൻ ആദ്യമേ തനിച്ചായിരുന്നു.
അവനു ചുറ്റും നക്ഷത്രങ്ങൾ മാത്രമേ അന്നും ഇന്നും ഉണ്ടായിരുന്നുള്ളൂ... പ്രിയപ്പെട്ടതെന്ന് വിളിക്കാൻ അവനു ചുറ്റും ആരുമുണ്ടായിരുന്നില്ല. എന്റേത് നേരെ തിരിച്ചായിരുന്നു. എന്റേത് മാത്രമെന്ന് ഞാൻ അവകാശപ്പെട്ടിരുന്ന എന്റെ ഭാര്യയും മകനും, മാത്രമല്ല തന്റെ ഈ അവസ്ഥക്ക് കാരണവും താൻ തന്നെയല്ലേ?
എല്ലാം നഷ്ടപ്പെട്ടതിന്റെ ഉത്തരവാദി ഞാനും തന്നെയാണ്.
ജനലഴികൾക്കിടയിലൂടെ ആകാശത്തേക്ക് നോക്കിയിരുന്നപ്പോൾ റോയിയുടെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ ഇതായിരുന്നു. എല്ലാവരും ഉറങ്ങി ജയിലും ചുറ്റുഭാഗവും എല്ലാം. ഇനി ബാക്കി ഞാനും പിന്നെ ആർക്കോ വഴി കാണിക്കാൻ എന്നപോലെ പൂർണമായി ഉദിച്ച് നിലാവ് തൂകി നിൽക്കുന്ന ചന്ദ്രനും മാത്രം!
അവൻ കണ്ണുമടച്ച് കിടന്നു. കവിളിലൂടെ കണ്ണീർ ഒഴുകിയിറങ്ങുന്നുണ്ടായിരുന്നു. ഒരുപാട് നേരം കരഞ്ഞതെന്ന പോലെ കണ്ണും മുഖവുമെല്ലാം ചീർത്തിരിക്കുന്നു. മനസ്സിലേക്ക് കടന്നുവരുന്ന ചിന്തകളെ ഒഴിവാക്കാൻ നോക്കുംതോറും ഓർമ്മകൾ അവന്റെ മനസ്സിലേക്ക് ഇര ച്ചുകയറി.

സ്നേഹമായിരുന്നു അവർക്കെന്നോട്. അവർ ഏറ്റവും വിശ്വസിച്ചതും എന്നെത്തന്നെ. പക്ഷേ തന്റെ ഒരേയൊരു തെറ്റ് അവർക്ക് ജീവനും തനിക്ക് ജീവിതവും നഷ്ടമാക്കി.
അവന്റെ മനസ്സിൽ റോബിന്റെ മുഖം തെളിഞ്ഞുനിന്നു. 'പപ്പാ ' എന്നുള്ള അവന്റെ വിളിയും ചിരിയും കളിയുമെല്ലാം റോയിയുടെ ഏങ്ങലടികളുടെ ശബ്ദം കൂട്ടി. റോബിനോത്തുള്ള നിമിഷങ്ങൾ അവനോർത്തു.
"പപ്പാ "
"റോബീ... ഓടല്ലെടാ വീഴും, നോക്ക് സൂക്ഷിച്ച് "
ഇല്ല പപ്പാ ഞാൻ വീഴില്ല... പപ്പ എന്താ വൈകിയേ... ഞാൻ കുറേ നേരായി കാത്തു നിക്കാൻ തുടങ്ങീട്ട് "
"വൈകിയോ?"റോയി അവന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു.ചോദിച്ചത് അവനോടാണെങ്കിലും ഉത്തരം കിട്ടിയത് മറ്റൊരിടത്ത് നിന്നായിരുന്നു.
" ആഹ് ഇച്ചായൻ അരമണിക്കൂർ വൈകിയോ ഇന്ന്... "റോബിക്കുള്ള ഫുഡ്ഡുമായി വരുന്നവഴിക്ക് ചിരിച്ച് കൊണ്ട് റീത്ത പറഞ്ഞു.
" ഓഫീസിൽ കുറച്ചു വർക്കുണ്ടായിരുന്നു. അതിനിടയ്ക്ക് സമയം നോക്കാൻ പറ്റിയില്ല.. അതാ... ഞാനൊന്ന് ഫ്രഷായി വരാം. അപ്പോഴേക്കും നീ ഫുഡ് എടുത്ത് വയ്ക്ക്.
"ആഹ് " റീത്ത ഒരു മൂളലിൽ മറുപടി ഒതുക്കി.
" അപ്പോ പപ്പ കളിക്കാൻ വരൂലേ... എന്റെ കൂടെ? " റോബി ചിണുങ്ങിക്കൊണ്ട് ചോദിച്ചു.
"ഞാന് ഫ്രഷ് ആയിട്ട് വരാടാ..." അതും പറഞ്ഞ് റോയ് റൂമിലേക്ക് കയറി.
അവർക്ക് ഞാൻ എന്നാൽ ജീവനായിരുന്നു. ഒരുപാട് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിച്ച കുടുംബമായിരുന്നു. നശിപ്പിച്ചു. ഞാനും കുട്ടിന് ലഹരിയും.
\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-\-

എന്ന് ഞാൻ മനസ്സിലാക്കിയത് അന്നായിരുന്നു. ലഹരിക്കടിമയായ അധികമാർക്കും അറിയാത്ത മുഖം. അവനെ പുറമേ നിന്ന് കാണുന്നവർക്കും അവന്റെ വീട്ടുകാർക്കും ഇതിനെക്കുറിച്ച് അറിയില്ലായിരുന്നു. അവന്റെ യഥാർത്ഥ മുഖം പുറത്തു വന്നത രാത്രികളിലും, പിന്നെ അവന്റെ സുഹൃത്തുക്കൾക്കിടയിലും ആണ്.
------------------------------

അന്നവർക്കിടയിലേക്ക് പോയി എന്നുള്ളതാണ് ഞാൻ ചെയ്ത ആദ്യ തെറ്റ്. പിന്നീടുള്ള സന്ദർശനങ്ങളിലൂടെ ഞാൻ ആ തെറ്റിനെ വളർത്തി വലുതാക്കി. ഒരിക്കലും തിരുത്താനാവാത്ത വിധം.



പിന്നീട് എപ്പോഴോ അവരുമായി ഞാൻ കമ്പനിയായി. സന്ദർശനം പതിവായി. കാർത്തിയിൽ നിന്നായിരുന്നു തുടക്കം. കഞ്ചാവായിരുന്നു ആദ്യം.അവനെ ഉപദേശിക്കാൻ പോയതായിരുന്നു. ഇതിലിപ്പോ എന്താ ഇത്ര സുഖം എന്ന് ചോദിച്ചപ്പോൾ അവൻ എനിക്ക് നേരെ നീട്ടി. എന്താണെന്നറിയാനുള്ള ഒരു ആകാംക്ഷയ്ക്ക് ഉപയോഗിച്ചു. ഒഴിവാക്കാനാകാത്ത വിധം അത് എന്നോടൊപ്പം കൂടി. കാർത്തിയിൽ നിന്നും പതിയെ ഞാൻ അവന്റെ സുഹൃത്തുക്കളിലേക്കെത്തി. കഞ്ചാവ് എന്നതിൽ നിന്ന് മറ്റു പലതുമായി. അത്ര മുതിർന്ന ഞാൻ പോലും ഇതുവരെ കാണാത്ത കേൾക്കാത്ത പല ലഹരികൾ. സിറിഞ്ച് രൂപത്തിൽ, ഗുളികയായി, പൊടിയായി. അറിയില്ലായിരുന്നു എനിക്ക് ഞാൻ വീണത് ഒരു പടുകുഴിയിൽ ആണെന്നും ഇതിൽനിന്ന് ഒരു മോചനം ഇല്ലെന്നും.
------------------------------

എന്താണെന്നറിയില്ല...ഇച്ചായന്റെ സ്വഭാവത്തിൽ എന്തോ ഒരു മാറ്റം. ദേഷ്യമോ എന്തോ ഒന്ന്. എന്തോ മണമുണ്ട്. കള്ളിന്റേതെന്ന പോലെ.
------------------------------

കാറിൽ നിന്നിറങ്ങി ഞാൻ നേരെ പോയി വാതിലിൽ മുട്ടി. അവളുടെ മുഖത്ത് ദേഷ്യമോ അതോ ടെൻഷനോ? ഞാനതൊന്നും ശ്രദ്ധിക്കാൻ നിന്നില്ല.
" എന്താ ഇച്ചായാ ഇത്? സമയം നോക്ക് 10:30... അഞ്ചുമണിക്ക് ഓഫീസിൽ നിന്ന് ഇറങ്ങിയില്ലേ... പിന്നെന്താ ഇത്? "
" അത് നീ അറിയേണ്ട വിഷയമല്ല.  നിന്നെ അത് ബാധിക്കുന്നില്ല. "
" ഇല്ല അതെന്നെ ബാധിക്കും... മോനെയും ബാധിക്കും. "
" റീത്ത, മുന്നീന്ന് മാറ്... എനിക്ക് അകത്തേക്ക് കേറണം. മാറ്!"
" ഇല്ല ഞാൻ ഇവിടെ നിന്ന് മാറണേൽ , എന്താ വൈകിയെ പറ. "
" റീത്താ എന്നെ ദേഷ്യം പിടിപ്പിക്കാണ്ട് മാറ്. "
" നിങ്ങൾക്ക് മാത്രമല്ല ദേഷ്യം... എനിക്കും പിടിക്കും... "
"റീത്താ..!!!"
" കാര്യം പറയാണ്ട് ഞാൻ മാറില്ല റോയ്! എന്തൊക്കെ പറഞ്ഞാലും ഇല്ല. "
എന്തോ ഒരു ഉൾപ്രേരണയാൽ ഞാൻ അവളെ തള്ളി. അവൾ നിലത്തേക്ക് കമിഴ്ന്നടിച്ചു വീണു. റോബി അവിടുന്ന് നോക്കി നിൽക്കുന്നുണ്ടായിരുന്നു. കരഞ്ഞുകൊണ്ട് അവൻ അടുത്തുള്ള ടേബിളിന്റെ ബാക്കിലേക്ക് നീങ്ങി നിന്നു. ഞാനകത്തേക്ക് കയറി. നടക്കാൻ തുടങ്ങിയതും റീത്ത്

നീ പൊയ്ക്കോ... മോനെ ഞാൻ തരില്ല.
ആദ്യം വാക്കുതർക്കത്തിനു തുടങ്ങിയത് പിന്നെ കയ്യാങ്കളിയായി... അവിടെ ഉണ്ടായിരുന്ന ടേബിൾ ലാമ്പ് കൊണ്ട് ഞാൻ അവളുടെ തലക്കടിച്ചു. ഓടിവന്ന മോന്റെയും.
അവൾ ഒരുതവണയെ മരിച്ചുള്ളൂ... എന്നാൽ ഞാൻ ഓരോരോ നിമിഷവും മരിച്ചുകൊണ്ടിരിക്കുകയാണ്. ജീവച്ഛവമായി ജീവിക്കുകയാണ്.

---

# WHAT'S AI ?



*MUHAMMED FARHAN E.T*
*8C*

**AI** (Artificial Intelligence) is a new technology in the field of computer science It's being used today across different industries from finance to healthcare.

Weak AI tends to be simple and single-task oriented, while strong AI carries on tasks that are more complex and human-like. "Artificial" means man-made that is not natural and " Intelligence" refers to the ability to think and make decisions. The concept of A.I. was introduced back in 1950 by Alan Turing and computer scientist John McCarthy  has introduced the word "Artificial Intelligence" in the world of computer science.Google Assistant,Alexa, Siri, etc..  are example for artificial intelligence.


**" AI IS LIKELY TO BE EITHER THE BEST OR WORST THING TO HAPPEN TO HUMANITY."**

**-Stephen Hawking**

# FRUITS AND SCIENTIFIC NAMES (CROSSWORD PUZZLE)

**Muhammed Shabeel.M**
**8.D**






**DOWN**

1. Which fruit's scientific name is Prunus avium
2. Which fruit's scientific name is Citrus paradisi
3. A big source of vitamin C
7. Which fruit's scientific name is Cucumis melo
8. Which fruit's scientific name is Visit vinifera
12. The protrusion on the front of throat is called Adam's .........
13. Which fruit's scientific name is Prunus domestica

**ACROSS**

4. Which fruit's scientific name is Prunus persica
5. Which fruit's scientific name is Musa paradicica
6. Which fruit's scientific name is Bacciferous
9. Which fruit's scientific name is Genus pyrus
10. Which fruit's scientific name is Fragaria ananassa
11. Which fruit's scientific name is Ananas comosus

**{ For answers see pg:13 }**

-ഷഹദി റിനാദ് ടി 6C

# സ്നേഹം


## കവിത

സ്നേഹമാണ് പാരിലാകെയും
മർത്ത്യബന്ധങ്ങൾക്കടിസ്ഥാനം
സ്നേഹമില്ലായ്മയാണ് ലോകമിൽ
ആധി വ്യാധികൾക്ക പുറകിൽ
വ്യക്തിബന്ധങ്ങൾക്കിടയിലൊക്കെയും
സ്നേഹ നറുമണം നൽകു
ആ സുഗന്ധം ജീവിതത്തിൽ
നിത്യശാന്തി പകരട്ടെ
ലോകമുണരട്ടെ
മനുഷ്യനുണരട്ടെ
മനുഷ്യ മനസ്സുകൾ മൃദുലമാവട്ടെ
ജീവിതം സ്നേഹത്തിൽ നിറയട്ടെ
വെറുപ്പുകൾ ഒടുങ്ങട്ടെ
ദേഷ്യവും വാശിയും അകലട്ടെ
സ്നേഹം പ്രപഞ്ചത്തിൽ നിറയട്ടെ
സദ് കർമ്മങ്ങൾ ജനിക്കട്ടെ
ദാനധർമങ്ങൾ വളരട്ടെ
സ്നേഹം പാരിലുണരട്ടെ
ആധി വ്യാധികൾ അകലട്ടെ

# FRUITS AND SCIENTIFIC NAMES (CROSSWORD PUZZLE)

**Muhammed Shabeel.M**
**8.D**






**DOWN**

1. Which fruit’s scientific name is Prunus avium
2. Which fruit’s scientific name is Citrus paradisi
3. A big source of vitamin C
7. Which fruit’s scientific name is Cucumis melo
8. Which fruit’s scientific name is Visit vinifera
12. The protrusion on the front of throat is called Adam’s ..........
13. Which fruit’s scientific name is Prunus domestica

**ACROSS**

4. Which fruit’s scientific name is Prunus persica
5. Which fruit’s scientific name is Musa paradicica
6. Which fruit’s scientific name is Bacciferous
9. Which fruit’s scientific name is Genus pyrus
10. Which fruit’s scientific name is Fragaria ananassa
11. Which fruit’s scientific name is Ananas comosus

# വളർത്തുദോഷം

## കഥ



റിഫ ഫാത്തിമ 8H

നാട്ടിൽ ഒരുമയോടെ കഴിഞ്ഞ ദമ്പതികൾ ഒരു കുഞ്ഞിന് വേണ്ടി ഒരുപാട് ആഗ്രഹിച്ചു. അങ്ങനെ 17 വർഷത്തിനുശേഷം അവർക്ക് ഒരു കുഞ്ഞുണ്ടായി. ഒരു ആൺകുഞ്ഞ്. അവന്റെ ആഗ്രഹങ്ങളെല്ലാം അവർ സാധിപ്പിച്ചു കൊടുക്കുമായിരുന്നു. അവനോട് ആരെങ്കിലും ദേഷ്യപ്പെടുന്നത് പോലും അവർക്ക് ഇഷ്ടമല്ലായിരുന്നു. പയ്യൻ ഏഴാം ക്ലാസിലെത്തി. പഠിക്കുകയോ അനുസരിക്കുകയോ ഇല്ലായിരുന്നു. മുതിർന്നവരെ ആരെയും ബഹുമാനിക്കുകയും പരിഗണിക്കുകയോ ഇല്ലായിരുന്നു. പരീക്ഷകളിൽ അവനു മാർക്ക് കുറയാൻ തുടങ്ങി. അപ്പോൾ അവൻറെ അധ്യാപകർ അവനെ വഴക്ക് പറയാനും തുടങ്ങി. അത് അവന് താങ്ങാൻ കഴിഞ്ഞില്ല. ഇത് അവൻ അവൻറെ അമ്മയോട് പറഞ്ഞു. അതുകാരണം അവൻറെ അമ്മ ടീച്ചറോട് ദേഷ്യപ്പെട്ടു. പിന്നീട് അവനെ വേറെ ഒരു സ്കൂളിലേക്ക് മാറ്റി. അവന്റെ അമിതമായ സോഷ്യൽ മീഡിയ ദുരുപയോഗമായിരുന്നു ഇതിന്റെ പ്രധാന കാരണം. അവൻ ഇൻസ്റ്റഗ്രാമിലൂടെ ഒരു പെണ്ണിനെ പ്രണയിച്ചു. അവരുടെ പ്രണയം മാതാപിതാക്കൾ അറിഞ്ഞിരുന്നില്ല. പെൺ വീട്ടിൽ വിവരം അറിയുകയും അവളെ വേറെ ഒരു കല്യാണത്തിന് പ്രേരിപ്പിക്കുകയും ചെയ്തു.ഇതു കാരണം അവളുടെ അച്ഛനുമായി അവൻ വാക് തർക്കത്തിൽ ഏർപ്പെടുകയും അവളുടെ അച്ഛനെ തല്ലുകയും ചെയ്തു. ഇത് കണ്ട അവൾ അവനുമായുള്ള ബന്ധം അവസാനിപ്പിക്കുകയും അവളുടെ അച്ഛൻറെ ഇഷ്ടത്തിനനുസരിച്ച് ഒരാളെ കല്യാണം കഴിക്കാൻ തയ്യാറാവുകയും ചെയ്തു. ഇത് അവനെ മാനസികമായി തളർത്തി. ഇതു കാരണം അവൻ ലഹരി ഉപയോഗിക്കുകയും അതിന് അടിമയാവുകയും ചെയ്തു. ലഹരിക്ക് വേണ്ടി അവൻ അവന്റെ വീട്ടിൽ നിന്നും പണം മോഷ്ടിക്കാൻ തുടങ്ങി. ഇത് കണ്ട അവൻറെ മാതാപിതാക്കൾ അവനോട് കയർത്തു. അത് അവന് ഇഷ്ടമാകാത്തതിനാൽ അവൻ വീട്ടിൽ നിന്നും അമ്മയോടും അച്ഛനോടും വഴക്കുണ്ടാക്കി ദേഷ്യത്തിൽ ഇറങ്ങിപ്പോവുകയും ചെയ്തു. ഇതു കാരണം അവൻറെ അമ്മ വളരെയധികം വിഷമിക്കുകയും മാനസികമായി തളരുകയും ചെയ്തു. ദിവസം കൂടുംതോറും അവൻറെ അമ്മയ്ക്ക് അസുഖം കൂടി കൂടി വന്നു. ഇതൊന്നും അവൻ അറിഞ്ഞിരുന്നില്ല.അവന്റെ കൈയിൽ ഉണ്ടായിരുന്ന മുഴുവൻ പണവും അവൻ ധൂർത്തടിച്ചു കഴിഞ്ഞപ്പോൾ അവന് അമ്മയെയും അച്ഛനെയും ഓർമ്മ വന്നു. അവരുമായുള്ള നല്ല ദിവസങ്ങൾ ഓർത്തു  അവൻ കരയാൻ തുടങ്ങി.
അവൻ മാതാപിതാക്കളെ കാണാൻ ആഗ്രഹിച്ചു തിരികെ വീട്ടിലേക്ക് പോയ ദിവസം അവൻറെ അമ്മ മരിക്കുകയും ചെയ്തിരുന്നു.

അവൻറെ അമ്മ അവൻ തിരികെ വരാൻ കരയുന്നത് കണ്ട് അവൻറെ അമ്മയും അച്ഛനും എന്നും വഴക്കായിരുന്നു.അങ്ങനെ ആ ദിവസം അവൻറെ അമ്മ അവൻ വരുമെന്ന് പ്രതീക്ഷയിൽ അവൻ ഇഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കുകയും അത് കണ്ട് അവൻറെ അച്ഛൻ അമ്മയെ വഴക്ക് പറഞ്ഞു കൊണ്ട് വീട്ടിൽ നിന്നും ജോലിയിലേക്ക് പോയി. അതിനുശേഷം അവൻറെ അമ്മ അവനെ ഓർത്തു കരയുകയും പെട്ടെന്ന് അവൻറെ അമ്മയുടെ ശരീരം തളരാൻ തുടങ്ങുകയും ചെയ്തു.ഇത് അവൻറെ അമ്മയുടെ മരണത്തിന് കാരണമായി. ജോലി കഴിഞ്ഞു വീട്ടിലേക്ക് വന്ന അച്ഛൻ കാണുന്നത് നിലത്ത് വീണു കിടക്കുന്ന അവൻറെ അമ്മയെയാണ്.പെട്ടെന്ന് തന്നെ അച്ഛൻ അമ്മയെ എടുത്തു കൊണ്ട് ഹോസ്പിറ്റലിൽ പോയി. അമ്മ മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞിരുന്നു. അവൻ വീട്ടിലേക്ക് പോയപ്പോൾ ജനങ്ങൾ തിങ്ങി നിൽക്കുന്നത് കണ്ട് അവൻ വീടിനകത്തേക്ക് ചെന്നു. .അപ്പോൾ അവൻ കണ്ടത് തൻറെ മരിച്ച അമ്മയെ നോക്കി കരയുന്ന അച്ഛനെയാണ്. അവൻ ലഹരിക്ക് അടിമയായതിനാൽ അമ്മയുടെ മരണാനന്തര കർമങ്ങൾ പോലും ചെയ്യാൻ അവനെ ക്കൊണ്ട് കഴിഞ്ഞില്ല. ആ ദിവസം രാത്രി അവൻ അവൻറെ അമ്മയെ ഓർത്തു കരയാൻ തുടങ്ങി. അപ്പോൾ അച്ഛൻ ചോദിച്ചു "നിനക്ക് എന്ത് അധികാരമാണുള്ളത് അവളെ ഓർത്തു കരയാൻ. നീ ഇത്ര കാലമായിട്ട് നിൻറെ അമ്മയെ സ്നേഹത്തോടെ അമ്മ എന്ന് ഒരു വിളി എങ്കിലും വിളിച്ചിട്ടുണ്ടോ.നിനക്ക് ഏറ്റവും ഇഷ്ടമുള്ള അവളുടെ ഭക്ഷണത്തെ കുറ്റം പറയാറല്ലേ ഉള്ളത്. നീ പോയത് മുതൽ അവൾ ഇന്നേവരെ കരയാത്ത ഒരു ദിവസം പോലും ഉണ്ടായിരുന്നില്ല.

എന്നും രാവിലെ നിനക്ക് ഇഷ്ടം ഉള്ള ഭക്ഷണം ഉണ്ടാക്കി നീ വരുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുമായിരുന്നു അവൾ.അവൾ നിനക്ക് എത്രമാത്രം സ്വാതന്ത്ര്യം തന്നിരുന്നു അത്രമാത്രം നീ അവളെ ബുദ്ധിമുട്ടിച്ചിരുന്നു." ഇതെല്ലാം കേട്ടപ്പോൾ അവൻ പോലും അറിയാതെ അവന്റെ കണ്ണിൽ നിന്നും കണ്ണുനീരൊഴുകാൻ തുടങ്ങി. എന്നിട്ട് അച്ഛൻറെ നെഞ്ചിലേക്ക് ചാരികിടന്ന് അവൻ പറഞ്ഞു "ഇനി ഞാൻ ആരെയും വേദനിപ്പിക്കില്ല. ഇനി എനിക്കൊരു ജന്മമുണ്ടെങ്കിൽ അമ്മയ്ക്ക് വേണ്ടി ജീവിക്കും." ഇതെല്ലാം കേട്ടപ്പോൾ അച്ഛൻ പറഞ്ഞു "ജീവിച്ചിരിക്കുമ്പോൾ ആണ് എല്ലാവർക്കും സ്ഥാനം നൽകേണ്ടത് മരിച്ചുകഴിഞ്ഞിട്ടല്ല. ജീവിച്ചിരിക്കുമ്പോൾ മറ്റുള്ളവരെ ബുദ്ധിമുട്ടിച്ച് മരിച്ച കഴിഞ്ഞ് അവരെപ്പറ്റി നല്ലത് പറഞ്ഞിട്ട യാതൊരു കാര്യവുമില്ല." ഇതിനുശേഷം അവൻ ലഹരി എല്ലാം ഉപേക്ഷിച്ച അവൻ അച്ഛനുമായി സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.



# അഗ്നി (നോവൽ)

സി. രാധാകൃഷ്ണൻ
പൂർണ്ണ പബ്ലിക്കേഷൻസ്. കോഴിക്കോട്



പുസ്തകാസ്വാദനം--------------------------------------------------------------------------------ദേവകി ടീച്ചർ
മലയാളം അധ്യാപിക

സ്നേഹത്തിന്റെ എത്രയോ മുഖങ്ങൾ. സ്നേഹ ഭംഗത്തിന്റെ എത്രയോ മുറിപ്പാടുകൾ. എന്നിട്ടും ജീവിതാഭിനിവേശം ഒരുതരത്തിലും ഉടവു പറ്റാതെ അധൃഷ്യമായി മുന്നോട്ടു പോകുന്നു. ജീവിതത്തിന്റെ രഹസ്യമാണത്. ആ രഹസ്യം അനാവരണം ചെയ്യാൻ പരിണാമത്തിന്റെ കാഴ്ചപ്പാടിൽ അതിനെ വിശദീകരിക്കാൻ പ്രശസ്ത നോവലിസ്റ്റ് ആയ സി രാധാകൃഷ്ണൻ നടത്തുന്ന ശ്രമമാണ് അഗ്നി. പ്രാകൃത ഭാവവും സന്യാസ ഭാവവും തമ്മിലുള്ള സംഘർഷം അഗ്നിയെ ചൂടുറ്റതാകുന്നു

ഇറച്ചി വെട്ടുകാരനായ മൂസ ക്രൂരനും ദുഷ്ടനുമാണ് അയാൾ. വിഭാര്യനായ മൂസയുടെ സ്വഭാവം പരുക്കാനാണ്... സുമധ്യ എന്തെന്നയാൾക്കറിയില്ല. അയാളുടെ ക്രൂരത കൊണ്ടാവാം ഏക മകളായ ആമിനയുടെ കാൽ സുഖമില്ലാതെ ആയത്. കുഴു കുഴുന്ന് കിടക്കുന്ന കാലും വലിച്ച് ആമിന വീടുപണി എല്ലാം ചെയ്യും. വാപ്പാക്ക് വേണ്ടതെല്ലാം ചെയ്തുകൊടുത്താലും ആമിനക്ക് ശകാരമാണ് ലഭിക്കുന്നത് . കാലിന്റെ അസുഖം മാറാൻ മൂസ കൊണ്ടു കൊടുത്ത കുഴമ്പ് നാറുന്നതായതിനാൽ അത് പുരട്ടാൻ അവൾക്ക് മടിയാണ്. അതിനും കിട്ടും ശകാരം. അവൾക്ക് അല്പമെങ്കിലും ആശ്വാസം പകരുന്നത് ചെക്കനാണ്. ആമിനയെ സഹോദര തുല്യം സ്നേഹിക്കുന്ന ചെക്കനെ അവൾ അനിയനെ പോലെ കാണുന്നു.

ആമിനയുടെ കാമുകനാണ് സുലൈമാൻ. ആമിന ഗർഭിണിയായപ്പോൾ സുലൈമാനോടൊപ്പം ഒളിച്ചോടി രക്ഷപ്പെടാൻ ചെക്കൻ ആമിനയെ ഉപദേശിക്കുന്നു, ബാപ്പയെ ഒറ്റക്കാക്കാനുള്ള മടി മൂലം ആദ്യം ആമിന വിസമ്മതിക്കുന്നു. പക്ഷേ ബാപ്പയുടെ ക്രൂരതകൾ സഹിക്കാനാവാതെ അവസാനം അവൾ സുലൈമാനോടൊപ്പം പോയി. രക്ഷപ്പെടുക തന്നെ ചെയ്യുന്നു. ചെക്കനും അതിനവളെ സഹായിക്കുന്നു. അതിനവൻ കൊടുക്കേണ്ടി വന്നത് സ്വന്തം ജീവൻ തന്നെയാണ്. മകളുടെ ഇറങ്ങിപ്പോക്കിൽ ഉന്മത്തനായി തീർന്ന മൂസ ചെക്കനെ വെട്ടി കൊല്ലുന്നതോടെ നോവൽ അവസാനിക്കുന്നു.

മലബാർ മുസ്ലിങ്ങളുടെ ഇനി സംസാരഭാഷയിലാണ് ഈ നോവൽ എഴുതിയിരിക്കുന്നത്. ആ ഭാഷ ഈ നോവലിനെ ആകർഷമാക്കുന്നു. വയലാറിന്റെ ആയിഷയിലെ അദ്രിമാനെ അനുസ്മരിപ്പിക്കുന്ന കഥാപാത്രമാണ് മൂസ. ഇറച്ചി വെട്ടുകാരനു ചേർന്ന ഭാഷയും മനോഭാവവുമാണ് മൂസയുടേത്... മകളോട് സ്നേഹമുണ്ടെങ്കിലും അത് തുറന്നു പ്രകടിപ്പിക്കാൻ അയാൾക്ക് അറിയില്ല. ആമിനക്ക് കുഴമ്പും വളകളും വാങ്ങി കൊടുക്കുന്നിടത്ത് പിതൃ സ്നേഹം കാണാമെങ്കിലും ക്രൂരതയാണ് മുന്നിൽ നിൽക്കുന്നത്. ചെയ്തു കൂട്ടിയ പാപ ഫലമാണ് അയാളെ അവസാനം ഭ്രാന്തനാക്കി തീർക്കുന്നത്. അവതരണ ഭംഗി കൊണ്ട് വായനക്കാരെ ആകർഷിക്കുന്ന നോവലാണ് അഗ്നി എന്നതിൽ സംശയമില്ല.

# <u>ഫലസ്തീനിലെ പ്രാവുകൾ</u>



അമീന ഷെർഹ 8F

**(ഈ വർഷത്തെ ഫൈസൽ പറവന്നൂർ സ്മാരക കഥാ മത്സരത്തിൽ പ്രോത്സാഹന സമ്മാനം നേടിയ കഥ)**

സമയം രാത്രി പതിനൊന്നര ആയിട്ടുണ്ടാകും. ഫലസ്തീനിലെ ഏതോ ഒരു മൂലയിൽ നിന്നും ഒരു താരാട്ട് പാട്ട് കേൾക്കാം.
കുയിലിന്റെ പാട്ടിനേക്കാൾ ഈണമുള്ള താരാട്ടുപാട്ട്. ശാന്തമായ ആ രാത്രിയിൽ മുഴങ്ങിക്കൊണ്ടിരുന്ന ആ താരാട്ടുപാട്ട് അൽപ്പ സമയത്തിനുശേഷം നിലച്ചു. ആടിക്കൊണ്ടിരുന്ന ആ തൊട്ടിൽ അനങ്ങാതെയായി. ഉമ്മ തൊട്ടിലിലേക്ക് എത്തി നോക്കി. "ഹാവൂ... ഉറങ്ങി"ഉറക്കം കൺപോളയിലേക്ക് വന്നതുകൊണ്ട് ആ ഉമ്മയും ഏറെ വൈകാതെ ഉറക്കത്തിലേക്ക് തെന്നി വീണു

പിറ്റേദിവസം ഉമ്മ മക്കൾക്ക് വേണ്ടി ഭക്ഷണം ഒരുക്കാൻ തുടങ്ങി.മക്കൾ രണ്ടുപേരും ഉറക്കമുണർന്നിട്ടില്ല."പടച്ചോനെ ഉപ്പ് തീർന്നു."കറി തിരഞ്ഞു മടുത്തപ്പോൾ ചെറിയ പാത്രം എടുത്ത് അടുത്ത വീട്ടിലേക്കോടി. "സുബൈദാ, ഇതിൽ ഇത്തിരി ഉപ്പ് തര്വോ? ഉപ്പ് തീർന്ന്." സുബൈദ ഉപ്പ് കൊടുത്തു പറഞ്ഞു. "ഇവിടേം തീർന്ന്ക്ക് ഇത്തിരി കൂടി ബാക്കിയുണ്ട്" "ഞാനുപ്പ വാങ്ങീട്ട് നാളെത്തന്നെ തരാന്നേ"കുറച്ചു സംസാരിച്ച് താഹിറ വീട്ടിലേക്ക് മടങ്ങി.

ഭക്ഷണം എല്ലാം തയ്യാറാക്കിയ താഹിറ നിലത്ത് ഒരു വിരിപ്പ് വിരിച്ച് അതിൽ ഭക്ഷണം വിളമ്പി. ഭക്ഷണം തയ്യാറായ ഉടൻ താഹിറ മകൾ അസ്മയെ വിളിച്ചുണർത്തി. സമയം എട്ടുമണിയായി. അപ്പോഴേയ്ക്കും മകൾ അസ്മ ഭക്ഷണം കഴിച്ചു കുളിച്ചു വസ്ത്രങ്ങളിട്ട് വിദ്യാലയത്തിലേക്ക് പോകാൻ തയ്യാറായി. അസ്മ ഏതാനും ദൂരം നടന്നകന്നപ്പോൾ വഴിയിലൊരാൾ അവളോടു ചോദിച്ചു" മോളുടെ പേരെന്താ?" " അസ്മ" അവൾ മടിച്ചു, മടിച്ചു പറഞ്ഞു. "എത്രാം ക്ലാസിലാ?" "നാലാം ക്ലാസില്" "നല്ല രീതിയിൽ പഠിക്കണം കേട്ടോ" അവൾ തലയാട്ടികൊണ്ട് നടന്നു നീങ്ങി.

ഉച്ചയായി. താഹിറയും, കുഞ്ഞു പൈതലായ അഹ്മദും മാത്രമേ ആ ചെറ്റക്കുടിലിൽ ഉണ്ടായിരുന്നുള്ളൂ.

ഉച്ചയ്ക്ക് ശേഷം അസ്മ എന്തോ കയ്യിലേന്തി വന്നു.അവളേയും കാത്ത് ഉമ്മ വാതിൽക്കല് നിൽപ്പുണ്ടായിരുന്നു. വെള്ളരി പ്രാവിനെ പോലെ എന്തോ ഒന്ന്. ആ ഉമ്മ അവളെ വാരിപുണർന്നു. കവിളിലൊരു മുത്തം കൊടുത്തു. അസ്മ കൊഞ്ചികൊണ്ടു പറഞ്ഞു. "ഇത് എനിക്ക് ഗണിത പരീക്ഷയ്ക്ക് കിട്ടിയ സമ്മാനാ..." ഉമ്മ അവളുടെ പുസ്തക സഞ്ചി തോളിൽ എടുത്തു. താഹിറ അസ്മയെ കുളിപ്പിച്ചു. ഉമ്മയുടെ പ്രധാന വിഭവമായ അപ്പവും അവൾക്ക് വാരിക്കൊടുത്തു. സന്ധ്യക്ക് മുമ്പായി താഹിറ നമസ്കരിക്കാൻ പോയി. സുജൂദിൽ കിടക്കുമ്പോൾ

ചിത്ര കഥ-Amina hana.kk - 9G





## ഓർമ്മയിലെ ഓണം



അത്രമേൽ നിറമാർന്നൊരോർമ്മയെ
ഓണമെന്നോതവേ
ഓർമ്മയിൽ കൈതപ്പൂവിൻ സുഗന്ധം.

ചില്ലാട്ടം പറന്നെത്താകൊമ്പിൽ
നിന്നെത്രചില്ലൊടിച്ചു നമ്മൾ
നെയ്യാമ്പൽ മണമുള്ള പാടവരമ്പത്തൂ
ടെത്രവട്ടി പൂ ചുമന്നു നമ്മൾ

തൂശനിലത്തുമ്പിൽ വർണ്ണം വിടർത്തിയ സദ്യയും
പൂപ്പട തുള്ളലിനാക്കം കൂട്ടിയ ആർപ്പുവിളിയുമോർമ്മയെ പിന്നോട്ടു വിളിക്കേ.......
ഓണനിലാവുദിക്കുന്നോർമ്മയിൽ

പുളിയിലക്കരപ്പുടവ ചൂടി തിരുവാതിര
പ്പെണ്ണായൊരുങ്ങി ഞാൻ നിൽക്കേ
കണ്ണു ചിമ്മാതപ്പുറത്ത്
നോക്കി നിന്നു നീ.


ബാല്യവും കൗമാരവും കൈവഴുതിപ്പോയെങ്കിലും
ഒരു പിൻവിളിക്കുള്ളം
കൊതിക്കാറുണ്ടിനും

ഓർമ്മയിലോണത്തിനിന്നും
പത്തായപ്പൊത്തിലെ കുത്തരി ഗന്ധമാണ്.
ഒരു വട്ടി പൂതേടാനൊരു വട്ടം കൂടി
ഒരുമിച്ചൊന്നു പോവുകിൽ.........

ഇറ്റുവീഴുമീ ഓർമ്മത്തുള്ളികൾ
കെന്തു മധുരമാണെങ്കിലും
ഈറനണിയിക്കാത്തൊ
രോർമ്മയുണ്ടോ?

വ്യഴവട്ടങ്ങളെത്ര പോയാലു മിനി
ഓർമ്മയിൽ പൂത്തൊരോണ മുണ്ടാകുമോ?.

ഷൈല.പി .സണ്ണി



അഭിഷേക്.പി.ടി
5.A



ദീപക് ദിനേശ് ടി പി
8 D



Saheeda.N-5A

# ലഹരി വേണ്ട

ലജ്ന ഫാത്തിമ
5C

ഉണ്ണിക്കിടാങ്ങളേ
ഒന്നു നോക്കൂ....
ഉയിരെടുക്കും ചതി
കണ്ടറിഞ്ഞോ?

നല്ലതായ് തോന്നി
രുചിച്ചുവെങ്കിൽ
ഉള്ളുലയും, ഗതി
വേറെയാകും

നമ്മളെ നമ്മൾക്ക്
നഷ്ടമാകും
അകലട്ടെ ലഹരിതൻ
വികലലോകം

ഉണരട്ടെ ബാല്യവും
നിറയട്ടെ മൂല്യവും
ഉലകിൽ ഉയർന്നു
പറന്നീടുവാൻ

വീടിനും നാടിനും
തുണയാകുവാൻ
തളിരെല്ലാം വളരണം
തണലാകണം

ഉള്ളുറപ്പോടെ
പ്രതിജ്ഞ ചെയ്യണം
പാഴ്‌വഴി പോകി-
ല്ലൊരു നാളുമീ ഞാൻ

ആസ്വാദനക്കുറിപ്പ്

# ഇവനെന്റെ പ്രിയ സി.ജെ

**Fathima Senha V.T 10A**

മലയാള സാഹിത്യത്തിലെ ഒരു എഴുത്തുകാരിയാണ് 'റോസി തോമസ്.' മലയാളത്തിലെ തന്നെ പ്രശസ്തനായ എഴുത്തുകാരനായ എം.പി പോളിന്റെ ഏക മകൾ. പിതാവായ എം.പി പോളിന്റെ ട്യൂട്ടോറിയലിലെ അധ്യാപകനായെത്തിയ സി.ജെ തോമസുമായി പ്രണയത്തിലാവുകയും എതിർപ്പുകളെ തരണം ചെയ്ത് വിവാഹിതരാവുകയും ചെയ്ത റോസി ഒമ്പത് വർഷത്തെ ദാമ്പത്യജീവിതത്തിന് ശേഷം വിധവയായി.

മലയാള സാഹിത്യത്തിലെ അതുല്യപ്രതിഭയായ സി.ജെ തോമസിനെക്കുറിച്ചുള്ള ഓർമ്മകളാണ് അവരുടെ പതിയായ റോസി തോമസ് 'ഇവനെന്റെ പ്രിയ സി.ജെ' എന്ന ഓർമ്മക്കുറിപ്പിലൂടെ വായനക്കാരുടെ ഹൃദയത്തിലേക്കെത്തിക്കുന്നത്. നൽപ്പത്തിരണ്ടാം വയസ്സിൽ വിട്ടുപിരിഞ്ഞ സി.ജെ യെക്കുറിച്ച് തന്റെ ഓർമ്മകളുടെ അറകളിൽ ചികഞ്ഞ് വെള്ളകടലാസിൽ കുത്തികുറിക്കുകയാണ് റോസി ഇവിടെ. പോൾസ് എന്ന കോട്ടയം കോളേജിൽ അധ്യാപകനായി എത്തിയ തോമസ് സാറിനോട് പതിനെട്ടുകാരിയായ റോസിയ്ക്ക് ആരാധന അനുരാഗത്തിലേക്ക് വഴിമാറുന്നു. അത് ഗാഢമായ ബന്ധമായി ഭവിക്കുന്നു. എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അനുകൂലതയിൽ അലിയിപ്പിച്ച് പ്രണയ ജീവിതം ദാമ്പത്യ ജീവിതമാക്കുകയാണ് റോസി.നാല് വർഷം കാമുകിയായും ഒമ്പത് വർഷം ഭാര്യയായും അവർ സി.ജെ യോടൊപ്പം ഉണ്ടായിരുന്നു.

സാഹിത്യ ഭംഗി കലർന്ന ഉജ്ജ്വലമായ ഭാഷയെ നാട്ടുശൈലികളോടൊപ്പം വിളക്കി ചേർത്താണ് റോസി എഴുതിയിരിക്കുന്നത്. ഇവിടെ റോസി പ്രയോഗിച്ച പലനാട്ടുശൈലികളും സി.ജെ യോടൊപ്പം ജീവിച്ച നാളുകളിൽ സി.ജെ അവൾക്ക് ഓതി പഠിപ്പിച്ചു കൊടുത്തതാവാം എന്ന സംശയം വായനക്കാരിൽ ജനിപ്പിക്കും.ഗാഢമായ പ്രണയ ബന്ധത്തിന്റെയും ദാമ്പത്യജീവിതത്തിന്റെയും തേൻതുള്ളി വായനക്കാരന്റെ ഹൃദയത്തിലേക്ക് പകർന്നു തന്ന റോസി പറയാതെ പറഞ്ഞ ഒരു പ്രണയ കഥയാണിത്.

ഈ പുസ്തകം ഒരുപാഹാരമാണ്. ജീവിച്ചിരിക്കുന്ന ഭാര്യ മൺമറഞ്ഞു പോയ ഭർത്താവിനെ അർപ്പിക്കുന്ന പ്രേമോപഹാരം.കലാപകാരിയായി ജീവിച്ചു മരിച്ച സി.ജെ എന്ന മനുഷ്യനിലെ കറുപ്പും വെളുപ്പും അനുഭവിച്ചറിഞ്ഞ ഭാര്യ റോസി ഒന്നിച്ചു ജീവിച്ച നാളുകളിലെ രാഗദേഷ്യങ്ങളെ കുറിച്ചും സ്നേഹവിശ്വാസങ്ങളെകുറിച്ചും കുറ്റബോധം തെല്ലുമില്ലാതെ തുറന്നെഴുതുന്നു. രക്തത്തിലലിഞ്ഞു ചേർന്ന കലാവാസന, ആ കിറുക്കുകൾ, കഴിവുകൾ, ദുർബലതകൾ എല്ലാം സി.ജെ എന്ന പച്ച മനുഷ്യൻ എന്താണെന്നു കാട്ടിതരുന്നു. എം.ടി ഒറ്റയിരിപ്പിനു വായിച്ചു തീർത്ത പുസ്തകമെന്ന് വിശേഷിപ്പിച്ചിട്ടുള്ള ഈ കൃതി മലയാളത്തിന്റെ അപൂർവഭാഗ്യമാണ്.113 താളുകളിൽ ഒതുങ്ങിയ ഈ പുസ്തകം അധികമാർക്കും അറിയാത്ത എന്നാൽ,എല്ലാവരും വായിച്ചിരിക്കേണ്ട ഒന്നാണ്.